കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി6/249/19

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

തീയതി- 30.4.2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് സെക്രട്ടറി മുഖേന

പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പകർപ്പ് :

1)ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി6/249/19 തീയതി-30.4.2019

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയി.കെ.പി, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2019 മുതൽ 04.02.2019.വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.മനു.കെ.നായർ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്സ്.എം.ഹംസാറാവുത്തർ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.അമ്മിണിഅമ്മ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.സുജിത്കുമാർ | 01.06.2017 മുതൽ 07.06.2017 വരെ |
| | ശ്രീ.അനൂപ്കുമാർ.വി | 08.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അമ്പിളി.ടി | 01.04.2017 മുതൽ 17.08.2017 വരെ |
| | ശ്രീമതി.പുഷ്പജോസഫ് | 18.08.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അപ്സര | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല.എസ്.കെ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.വിപിൻ.എ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. എ.നസിയ | 01.04.2017മുതൽ 28.05.2017 വരെ |
| | ഡോ.രമ്യ.ആർ.എസ്സ് | 29.05.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗായത്രി | 01.04.2017മുതൽ 31.07.2017 വരെ |
| | ശ്രീമതി.ഷൈനി.എസ്സ് | 01.08.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.ഐ.ജോൺ | 01.04.2017മുതൽ 31.05.2017 വരെ |
| | ശ്രീമതി.ലത.എം | 01.06.2017മുതൽ 31.03.2018 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. വി.എഫ്.നസീമ | 01.04.2017മുതൽ 18.06.2017 വരെ |
| | ശ്രീ.ബിനു.പി.എൽ | 19.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജാമോൾ | 01.04.2017മുതൽ 22.10.17 വരെ |
| | ശ്രീമതി.അനുപമ.പി.ആർ | 23.10.17 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മുരളി.എം.പിള്ള | 01.04.2017മുതൽ 03.10.2017 വരെ |
| | ശ്രീ.ശ്രീജിത്ത്.യു.വി | 04.10.2017മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രസീതു പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 14 | തടിലേലം നടന്നിട്ടില്ല | 2-2 |
| 15 | മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് - വാടക കുടിശ്ശികയിനത്തിൽ ഭീമമായ തുക ബാക്കി നിൽക്കുന്നു | 2-3 |
| 16 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 17 | താൽക്കാലിക നഴ്സിനു വേതനം അധികം നൽകി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി | 3-1 |
| 18 | തൊഴിൽ രഹിത വേതനം -അർഹരല്ലാത്തവർക്ക് തുക നൽകി | 3-2 |

| | | |
|---|---|---|
| 19 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല | 3-3 |
| 20 | തെരുവ് വിളക്ക് മെയിന്റൻസിനായി വാടകയ്ക്ക് എടുത്ത വാഹനത്തിന് അധികം തുക നൽകി | 3-4 |
| 21 | ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് കമ്പ്യൂട്ടർ വാങ്ങി-നിരാകരിക്കുന്ന തുക-1,44,900/-രൂപ | 3-5 |
| 22 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു –അന്തിമ ബില്ലിൽ നിന്നും കാലതാമസത്തിനുള്ള നിയമപരമായ പിഴ ഈടാക്കിയിട്ടില്ല | 3-6 |
| 23 | തച്ചക്കോട് വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ -സംയുക്ത പ്രോജക്ട് നടപ്പായില്ല | 3-7 |
| 24 | പാലമുക്ക് ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതിക്ക് ബാലൻസ് എസ്റ്റിമേറ്റ് തുക അടവാക്കൽ – പണി പൂർത്തിയായില്ല | 3-8 |
| 25 | ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടാത്തവർക്കു സബ്സിഡി നൽകി | 3-9 |
| 26 | പാലിന് സബ്സിഡി പ്രോജക്ട് ഗുരുതര അപാകതകൾ | 3-10 |
| 27 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ -വിനിയോഗ സാക്ഷ്യപത്രം /ബാലൻസ് തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക-4,10,458/-രൂപ | 3-11 |
| 28 | ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-12 |
| 29 | K.M.S.C.L-ൽ നിന്നും 13,072/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 3-13 |
| 30 | ഹെഡ്മിസ്ട്രസ്സ് നിർവഹണം നടത്തിയ പദ്ധതികളിൽ അപാകതകൾ | 3-14 |
| 31 | വിദ്യാർത്ഥികൾക്ക്പഠനമുറി- | 3-15 |

| | | |
|---|---|---|
| | അനുവദനീയമായതിനേക്കാൾ വലിപ്പത്തിൽ പഠനമുറി നിർമ്മിച്ചു | |
| 32 | അർഹരല്ലാത്തവർക്ക് സ്കോളർഷിപ്പ് | 3-16 |
| 33 | വീട് വാസയോഗ്യമാക്കൽ ജനറൽ പ്രോജക്ടിലും, എസ്.സി പ്രോജക്ടിലും ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരിച്ച് ഒടുക്കി. | 3-17 |
| 34 | അനുവദനീയമല്ലാത്ത പബ്ലിക് ടാപ്പ് അനുവദിച്ചു- തുക നിരാകരിക്കുന്നു. | 3-18 |
| 35 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-19 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 47 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |


## ഭാഗം **1**

### പൊതു അവലോകനം

### **1-1** ബജറ്റ്

20.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 20.06.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 to 21.06.2018 | കെ.എസ്.എ-കെ.എൽ.എം/പി6 /1149/18 തീയതി, 13.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,08,80,932.52 |
| വരവ് | 5,71,46,772 |
| ആകെ | 6,80,27,704.52 |
| ചെലവ് | 6,16,81,148 |
| നീക്കിയിരിപ്പ് | 63,46,556.52 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,36,84,000 | 1,36,84,000 | 1,17,43,369 | 19,40,631 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 69,61,746 | 69,61,746 | 60,82,328 | 8,79,418 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | | 20,992 | 20,992 | 0 | 20,992 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 61,44,000 | 61,44,000 | 59,05,912 | 2,38,088 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 32,86,000 | 32,86,000 | 26,56,104 | 6,29,896 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 64,26,931 | 64,26,931 | 63,44,302 | 82,629 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 9,85,133 | 9,85,133 | 932,097 | 53,036 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | 1,446 | 54 | 1,500 | 29 | 1,471 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | - | 2,08,78,191 | 2,08,78,191 | 2,08,78,191 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14,940 | 13,10,585 | 13,25,525 | 13,24,657 | 868 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 97,320 | 7,90,538 | 8,87,858 | 3,48,158 | 5,39,700 |
| TSC | | 6,75,400 | 0 | 6,75,400 | 0 | 6,75,400 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക | | | | | | |
| ശുചിത്വമിഷൻ | | 3,45,914 | 4,45,720 | 7,91,634 | 5,00,650 | 2,90,984 |
| കേരളോത്സവം | | 0 | 20,000 | 20,000 | 20,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 11,11,850 | 11,11,850 | 9,11,850 | 2,00,000 |
| | ജില്ലാ പഞ്ചായത്ത് | 0 | 5,10,850 | 5,10,850 | 5,10,850 | 0 |
| ബി ഫണ്ട് | | 0 | 2,19,120 | 2,19,120 | 2,19,120 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 31,41,728 | 1,03,59,443 | 1,35,01,171 | 99,68,575 | 35,32,596 |
| | ട്രഷറി അക്കൗണ്ട് | 65,79,184 | 87,02,000 | 1,52,81,184 | 14033147 | 12,48,037 |
| മറ്റിനം (വിമുക്തി) | | 25,000 | 12,500 | 37,500 | - | 37,500 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 5,27,17,415 | 136 | 3,63,15,470 | 50 | 0 | 73% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14,940 | 13,10,585 | 13,25,525 | 13,24,657 | 868 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,08,78,191 | 2,08,78,191 | 2,08,78,191 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,120 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 20,87,400 | 179 |
| വിധവാപെൻഷൻ | 1,07,16,700 | 1,105 |
| വാർദ്ധക്യകാലപെൻഷൻ | 1,61,45,000 | 1,570 |
| വികലാംഗപെൻഷൻ | 38,81,900 | 369 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.19 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 689രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ

സ്വീകരിക്കുന്നത്. അതോടൊപ്പം മാന്വൽ രസീതുകളും ഉപയോഗിക്കുന്നുണ്ട്. മാന്വൽ രസീതുകൾക്കുള്ള ഔട്ട്ഡോർ രജിസ്റ്ററുകളിൽ കെട്ടിടനമ്പർ രേഖപ്പെടുത്തി പൂർത്തീകരിക്കുന്നില്ല. വെറ്ററിനറി സർജൻ, പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അനുസരിച്ച് രസീതുകൾ പരിപാലിക്കുന്നില്ല. പണമായും ചെക്ക്, ഡി.ഡി യായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മേൽനോട്ട ചുമതലയുള്ളവരും ഭരണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. എൽ.എസ്.ജി.ഡി അസി.എൻജിനീയർ TR 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/11/2018 | 9/2018 | 17/11/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/08/2018 | 2013-14 to 2017-18 | 5/11/2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ സർട്ടിഫിക്കറ്റിൽ ഖണ്ഡിക 1-3 പ്രകാരമുള്ള പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബി 3 ഷെഡ്യൂളിൽ Capital Contribution ഇനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റിലെ തുക തന്നെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. തന്നാണ്ടിലെ Rp 38-ലെ Fixed Asset -നായി ചെലവഴിച്ച പ്ലാൻ ഫണ്ട് വിഹിതം Capital Contribution head -ൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2.ബി.4 ഷെഡ്യൂളിൽ Total Sanitation Campaign (320100115) ഹെഡ്ഡിൽ നീക്കിയിരിപ്പുള്ള 675400/- രൂപ തിരികെ ഒടുക്കിയിട്ടില്ല.

3.Profession Tax, Institution & Traders രജിസ്റ്റർ വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ബാലൻസ് തുകയായി 1500/-രൂപ ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ (B-15 Schedule) ഉൾപ്പെടുത്തിയില്ല.

4.വാടക വരവും ബാലൻസും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. കെട്ടിട നികുതി (Residential & Non Residential ) Demand, Collection Balance സഞ്ചയ ഡി സി ബിയുമായി പൊരുത്തപ്പെടുന്നില്ല.

6. ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ചെക്ക് പ്രകാരം നൽകിയ തുകകൾ സുലേഖാ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

7.ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂളിൽ 410710103 ഹെഡ്ഡിൽ മുൻ വർഷ ബാലൻസിനോടൊപ്പം RP 38-ലെ തുക കൂടി ഉൾപ്പെടുമ്പോൾ 1,49,300/-രൂപ അധിക ആസ്തിമൂല്യം കാണുന്നു.

8.തൻവർഷം ആസ്തി സൃഷ്ടിച്ചിട്ടുള്ളതായി RP 38-ൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും Balance Sheet B11 ഷെഡ്യൂൾ 410800101 ഹെഡ്ഡിൽ മുൻവർഷത്തിലധികമായി 297835/-രൂപയുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

9.അക്കൗണ്ട്സ് പരിശോധനയിൽ Own Fund -ന്റെ Stale Cheque ഇനത്തിൽ 6,703/-രൂപ ഉണ്ടെങ്കിലും ഇത് ബാലൻസ് ഷീറ്റ് B9 Schedules Other Liabilities -ൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ RP 36 വരവ് ഭാഗത്ത് 35,08,00,101/-രൂപ Liability in respect of Stele Cheques ഇനത്തിൽ 38,360/-രൂപ വരവും RP 36 Pay-ൽ ഇതേ ഹെഡ്ഡിൽ ഇതേ തുക തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10.ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തിയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

11.ബി-14 ഷെഡ്യൂളിൽ Stock ഇനത്തിൽ 430100103 ഹെഡ്ഡിൽ 15,600/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12.Development Fund General, Development Fund SCP, KLGSDP Grant, CFC Grant എന്നിവയിലെ വരവ് തുക പൂർണ്ണമായും റവന്യൂ ചെലവുകൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. മൂലധന ചെലവുകൾക്കായി തുക വിനിയോഗിച്ചിട്ടില്ല.

13.Balance Sheet B 11 (a) ഷെഡ്യൂളിൽ Capital Work in Progress ഇനത്തിൽ നീക്കിയിരിപ്പില്ലെങ്കിലും RP 40-ൽ 33,62,931/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

14) കേരളോൽസവം-ചെലവു തുകകൾ സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

15) കേരളോൽസവം ചെലവു തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

16) പാലിയേറ്റീവ് കെയറിനായി വന്ന ബ്ലോക്ക് വിഹിതം ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. 2017-18, 2018-19 വർഷം പ്രസതുത പ്രോജക്ടിൽ ബ്ലോക്ക് ഷെയർ ഉൾപ്പെടുത്തിയിട്ടില്ല.

17) ആർ.എം.എസ്.എയ്ക്ക് വേണ്ടി വരവില്ല എങ്കിലും ചെലവ് ഉണ്ട്.

18.AFS പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് 683/-രൂപയാണ് എന്നാൽ ലഭ്യമാക്കിയ കണക്കു പ്രകാരം ഈയിനത്തിൽ 11,614/-രൂപ വരവുണ്ട്

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീതുപരിശോധനയിൽ കണ്ട അപാകതകൾ

2017-18 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി 18 രസീതുബുക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. രസീതുബുക്ക്നം. 27919, 27920, 27921, 27922, 27923, 27925, 12862, 12863, 12864, 12865, 12866, 12875, 12876, 12877, 12878, 12879, 12886, 12887 എന്നീ രസീതുബുക്കുകളാണ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വെറ്ററിനറി സർജന് നൽകിയിരിക്കുന്നത്. ടി രസീതുബുക്കുകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.ഡബിൾസൈഡ് കാർബൺപേപ്പർ ഉപയോഗിച്ച് തീയതി രേഖപ്പെടുത്തുന്നില്ല

ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് ഗുണഭോക്താവിന്റെ പേരും തുകയും എഴുതുന്ന സമയത്തുതന്നെ രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസിൽ തുക ഒടുക്കുന്ന തീയതി പേന ഉപയോഗിച്ച് പിന്നീട് എഴുതിചേർത്തിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 2017-18 സാമ്പത്തികവർഷം അവസാനം പദ്ധതി നിർവഹണം നടത്തുന്ന തിരക്കിനിടയിൽ വൈകിയും ഗുണഭോക്തൃവിഹിതം പിരിച്ചടുത്തതിനാൽ ഡേറ്റ് ഇടാൻ വിട്ടുപോകുകയും പിന്നീട് എഴുതിചേർക്കുകയും ചെയ്തതാണെന്ന് മറുപടി നൽകി.

2.രസീതുകൾ എഴുതുമ്പോൾ ഡബിൾസൈഡ് കാർബൺപേപ്പർ ഉപയോഗിക്കുന്നില്ല.

രസീതുബുക്ക് നം 12877ൽ 1 മുതൽ 70 വരെയുള്ള രസീതുകൾ ഡബിൾസൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതെ എഴുതിയിരിക്കുന്നു, ഇവയിൽ കിടാരി വളർത്തൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത 53 മുതൽ 70 വരെയുള്ള രസീതുകളിൽ വൈറ്റ്നെർ ഉപയോഗിച്ച് തിരുത്തലുകളും വരുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തിരക്കിനിടയിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതാൻ വിട്ടുപോയതാണ് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അദ്ധ്യായം3 (വരുമാനത്തിന്റെ അക്കൗണ്ടിംഗ്) ചട്ടം 20C പ്രകാരം കയ്യെഴുത്തു സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. രസീതിന്റെ അസൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആളിനു നൽകേണ്ടതുമാണ്. ഇപ്രകാരം ചട്ടങ്ങൾ നിലനിൽക്കെ തീയതി എഴുതാതെ ഡ്യൂപ്ലിക്കേറ്റ് രസീത് ഗുണഭോക്താക്കൾക്ക് നൽകിയതും ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെ ഗുണഭോക്താക്കൾക്ക് രസീത് നൽകിയതും, വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയതും ഓഫീസ് ഓർഡർ പ്രകാരം രസീത് ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനുള്ള ചുമതല നൽകിയിരുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടേയും മേൽനോട്ട ചുമതലയുണ്ടായിരുന്ന വെറ്ററിനറി സർജന്റേയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-11/ 2.2.2019

## 2-2 തടി ലേലം നടന്നിട്ടില്ല

2017-18 വർഷത്തേക്ക് 08.03.2017 ൽ നടന്ന ലേലത്തിന്റെ ലേല നോട്ടീസിൽ തടിലേലം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മൂന്നു തവണ ലേലം നടത്തിയിട്ടും അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31.12.2016ലെ A3/2186/16 ാം നമ്പർ കത്തിലെ വാല്യേഷൻ തുകയായ 16,296/-രൂപയ്ക്ക് ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറാകാഞ്ഞതിനാൽ ലേലം നടന്നില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് ഓഫീസിന്റെ മുന്നിൽ നിന്ന മരങ്ങൾ പിഴുതു വീണതിൽ നിന്നുള്ള തടികളാണിവ. ഇവ ഓഫീസ് വളപ്പിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. കാലപ്പഴക്കത്താൽ കുറച്ച് ജീർണ്ണിച്ചു പോയിട്ടുണ്ട്. ഇവ പുനർലേലം ചെയ്യുന്നതിനായി എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇപ്പോഴുള്ള വില നിർണ്ണയിച്ച് നൽകുന്നതിനായി 19.01.2018-ൽ ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. (കത്ത് നം A3-3184/2017) എന്നറിയിച്ചിട്ടുണ്ട്. നാളിതുവരെ ഇതരുനസരിച്ചുള്ള വാല്യൂവേഷൻ ലഭിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ലേലം കാലതാമസ്സം കൂടാതെ നടത്തി ആദ്യമറുപടിയിൽ തന്നെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 12/02.02.2019

**2-3** <u>മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് - വാടക കുടിശ്ശികയിനത്തിൽ ഭീമമായതുക ബാക്കി നിൽക്കുന്നു</u>

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ 10 ഷെഡുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഷെഡുകളുടെ വാടകയുടെ 40% പഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈയിനത്തിൽ വൻതുക കുടിശ്ശികയായി നിൽക്കുന്നു. ലഭിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു

| ഷെഡ് നം | ഉടമസ്ഥന്റെ പേര് | എഗ്രിമെന്റ് തീയതി | കുടിശ്ശിക തുക (പലിശസഹിതം) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 2 | സതീഭായി, സതീഭവനം നെട്ടയം.പി.ഒ | 25.03.2008 | 3,41,754/-രൂപ | 31.03.2018 വരെ |
| 6 | മോഹനൻ, അമൃത, വടക്കേവിള പി.ഒ | 29.06.2006 | 4,02,042/-രൂപ | 31.03.2018 വരെ |
| 7 | മുഹമദ്ഷാ, ഷാമൻസിൽ, മുല്ലശ്ശേരി, പൻമന | 25.08.2015 | 42,866/-രൂപ | 31.03.2018 വരെ |
| 8,9,10 | സലിലാൽ, ഇന്ദുനിവാസ്, മൈലംകുളംപുത്തൂർ | 09.01.2017 | 13,04,569രൂ | 31.03.2018 വരെ |

കുടിശ്ശിക വരുത്തിയവരുടെ മേൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാടക ഒടുക്കിയിട്ടുള്ളവർ കുറച്ച് തുക ജില്ലാപഞ്ചായത്തിലും കുറച്ച് തുക പഞ്ചായത്തിലുമായിട്ടാണ് ഒടുക്കിയിട്ടുള്ളത്. ഇതിന് കൃത്യമായ കണക്കുകൾ ഹാജരാക്കിയില്ല. കണക്കുകൾ കൃത്യമാക്കി ജില്ലാപഞ്ചായത്തിലേക്ക് ഒടുക്കാനുള്ള തുകകൾ ഒടുക്കുവരുത്തേണ്ടതും പഞ്ചായത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന്

ലഭിക്കാനുള്ള തുകകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2-4** ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2017-18 വർഷം ഇ- ടെണ്ടർ ക്ഷണിച്ച 56 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ലഭിച്ച 95,800/-രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** താൽക്കാലിക നഴ്സിനു വേതനം അധികം നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന പാരാമെഡിക്കൽ നഴ്സിന് 12-7-2017 മുതൽ 12-9-2017 വരെ ജോലി ചെയ്തതിന് പ്രതിമാസം 13,900/-രൂപാ നിരക്കിൽ താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| കാലയളവ് | വൗച്ചർ നം | ചെക്ക് നം | തുക(രൂപ) |
|---|---|---|---|
| 12-7-17 മുതൽ 11-8-17 വരെ | 21700413/ 20-9-17 | 23525/ 16-9-17 | 12,555/- |
| 12-8-17മുതൽ 12-9-17 വരെ | 21700454/ 5-10-17 | 23564/ 5-10-17 | 13,900/- |

എന്നാൽ മെഡിക്കൽ ഓഫീസറുടെ 25-8-2017 തീയതിയിലെ ഹാജർ സാക്ഷ്യപത്രം പ്രകാരം 24-7-2017, 25-7-17, 26-7-2017, 1-8-2017, 2-8-2017, 3-8-2017, 4-8-2017, 20-8-2017 എന്നീ തീയതികളിൽ ജോലിക്ക് ഹാജരായിട്ടില്ല എന്ന് അറിയിക്കുന്നുണ്ട്. എന്നാൽ ടി ദിവസങ്ങളിലെ വേതനം കുറച്ചല്ല ശമ്പളം നൽകിയത്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2-2-2019 തീയതിയിലെ 118010103671 നമ്പർ രസീത് പ്രകാരം അധികം നൽകിയ 2,242/-രൂപ തിരികെ പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തി എന്നറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 10/1.2.19

## 3-2 തൊഴിൽ രഹിത വേതനം - അർഹരല്ലാത്തവർക്ക് തുക നൽകി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിത വേതനം നൽകിയ രജിസ്റ്റർ പരിശോധിച്ചപ്പോൾ 28-8-17 തീയതിയിൽ വേതനം വിതരണം ചെയ്തപ്പോൾ അർഹമായ വരുമാനപരിധിയിൽ (വാർഷിക വരുമാനം 12,000/-രൂപ) കൂടുതൽ വരുമാനം ഉള്ളവർക്കും (15-3-2017ൽ വിതരണം ചെയ്ത റേഷൻകാർഡ് പ്രകാരം) വേതനം (9/16 മുതൽ 1/17 വരെയുള്ള കാലയളവിലെ) നൽകിയതായി കാണപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | റോൾ നമ്പർ | നൽകിയ തുക (രൂപ) |
|---|---|---|
| രഞ്ജു.പി | 575 | 600/- |
| സരിത.പി | 785 | 600/- |
| ആൻസി | 801 | 600/- |
| രജിത | 852 | 600/- |

തുടർ വേതന വിതരണ സമയത്ത് ടിയാളുകൾക്ക് ഇതേ കാരണം പറഞ്ഞ് വേതനം നിഷേധിച്ചിട്ടുണ്ട്. ആയതിനാൽ ഇങ്ങനെ വേതനം അധികം വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. തുക തിരികെ ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/4.2.19

## 3-3 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി

പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് (ത.സ്വ.ഭ.വ 20332/RC3 /11/13.07.2011) നിലവിലെ ആസ്തി രജിസ്റ്റർ 31.12.2018–ന് മുമ്പ് കാലികമാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിയ്ക്കപ്പെട്ടിട്ടില്ല (C2/15471/18-08.11.2018).

മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്/വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, എൽ.എസ്.ജി.ഡി എൻജിനീയർ കൺവീനറുമായി ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച് സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### **3-4** <u>തെരുവ് വിളക്ക് മെയിന്റൻസിനായി വാടകയ്ക്ക് എടുത്ത വാഹനത്തിന് അധികം തുക നൽകി ഓഡിറ്റിലെ നിർദ്ദേശ പ്രകാരം തിരികെ ഒടുക്കി അടങ്കൽ തുക</u>

വികസനഫണ്ട്:1,00,000/-രൂപ

ധനകാര്യകമ്മീഷൻ ഗ്രാന്റ്:5,00,000/-രൂപ

ബിൽ നം:39/16.03.18:53,000/-വികസനഫണ്ട്

ബിൽ നം:22/08.01.18:74392/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നം:30/30.01.18:78676/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നം:40/16.03.18:61885/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നം:32/30.01.18:252209/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നം:43/16.03.18:46254/- വികസനഫണ്ട്
ബിൽ നം:44/16.03.18:1870/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് പരിപാലനം എന്ന പ്രോജെക്ടിൽ (SO41/18) മെയിന്റൻസിനായി വാടകയ്ക്ക് എടുത്ത വാഹന കരാറുകാരന് കരാറിന് വിരുദ്ധമായി തുക നൽകി.

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ മെയിന്റനൻസ് ജോലി ഉള്ള ദിവസം രാവിലെ 9.30 മുതൽ അന്നേ ദിവസം ജോലി അവസാനിപ്പിക്കുന്നത് വരെ ഓട്ടുന്നതിനു ഒരു ദിവസം വാടകയായി 645/-രൂപ ക്രമത്തിൽ സമ്മതിച്ചു കരാർ വെച്ചിട്ടുള്ള ശ്രീ.അനിൽ കുമാർ എകെ ഒരേ ദിവസത്തിൽ തന്നെ വിവിധ വാർഡുകളിൽ വാഹനം ഓടിയതിന്റെ വേ ബിൽ ഹാജരാക്കിയതനുസരിച്ച് തുക നല്കിയിരിക്കുന്നതായി ഓഡിറ്റ് പരിശോധനാവേളയിൽ ബോധ്യപ്പെട്ടു. ഒരേ ദിവസം ഒന്നിൽ കൂടുതൽ വേ ബിൽ ഹാജരാക്കിയത് വേണ്ടത്ര പരിശോധനാ നടത്താതെയാണ് കരാറുകാരന് അധികം തുക നൽകിയിട്ടുള്ളത്.

ഒരേ ദിവസം രണ്ട് വേ ബില്ലുകൾ ഹാജരാക്കിയതിൻ പ്രകാരം തുക നല്കിയ തീയതികൾ താഴെ പറയുന്നു.

14.10.17, 15.10.17, 16.10.17, 17.10.17, 20.10.17, 26.10.17, 27.10.17, 28.10.17, 29.10.17, 07.11.17, 14.11.17, 10.11.17, 17.11.17, 28.11.17, 23.12.17, 15.02.18, 29.12.17, 21.02.18 ഇതിൽ 29.10.17, 10.11.17 തീയതികളിൽ മൂന്ന് തവണ 645/- രൂപ പ്രകാരം തുക അധികം നൽകി

മേൽ തീയതിയിൽ വേ ബില്ലുകൾ ഹാജരാക്കിയതിൻ പ്രകാരം 12900/-(645x20)രൂപ നല്കിയിട്ടുണ്ട്. ബിൽ നം:39/16.03.18 പ്രകാരം നൽകിയ 53,000/-രൂപയിൽ അധികം നൽകിയ 12,900/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കണമെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികം നൽകിയ 12,900/-രൂപ കരാറുകാരൻ തിരികെ രസീത് നമ്പർ:1180101133640/01.12.19 പ്രകാരം പഞ്ചായത്തിൽ ഒടുക്ക വരുത്തിയതിന്റെ രേഖകൾ ഹാജരാക്കി. വികസന ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ 12,900/-രൂപ ഒടുക്കി ചെല്ലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അധികം നൽകിയ തുക തിരികെ ഒടുക്കിയതിനാൽ പരാമർശം ഒഴിവാക്കുന്നു.

ഓഡിറ്റ് എൻക്വയറി നം:08/30.01.19

**3-5** <u>ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് കമ്പ്യൂട്ടർ വാങ്ങി-നിരാകരിക്കുന്ന തുക-**1,44,900/-**രൂപ</u>

പ്രോജക്ട് നമ്പർ 177/18 - പി.എച്ച്.സിയിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ -ഡോ.വിപിൻ എ,
(മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പൂയപ്പള്ളി)
അടങ്കൽ തുക -1,50,000/- രൂപ (റോഡിതരം)
ചെലവ് തുക- 1,44,900/-രൂപ
ബിൽ നം.7/17-18 –തീയതി, 12.02.18

1,44,900/-രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും Acer Desktop (2 എണ്ണം-90,000/-രൂപ) 600 va Offline ups (2-എണ്ണം-5,000/-രൂപ), Canon printer(1 എണ്ണം- 49,900/-രൂപ) എന്നിവ വാങ്ങി. സർക്കാർ സ്ഥാപനങ്ങൾ/ഏജൻസികൾ നിർമ്മിക്കാത്ത ഉപകരണങ്ങൾ ഇവർ ഇടനിലക്കാരായി വാങ്ങി നൽകുന്നതിനാൽ, ഇത്തരം വാങ്ങലുകൾ നടത്തരുതെന്ന് സർക്കാർ ഉത്തരവ് (ത.സ്വ.(ഡി.എ.) വകുപ്പിന്റെ 2.12.2016 ലെ 3299/2016 നം. ഉത്തരവ് ) പുറപ്പെടുവിച്ചിരുന്നു.

മെഡിക്കൽ ഓഫീസർ ടെണ്ടർ നടപടികൾ കൂടാതെ ഇത്തരത്തിൽ Keltron-ൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ, പൊതുമേഖല സ്ഥാപനമായതിനാലും, H.M.C ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശവും പാലിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്നാണ്. നടപ്പിലാക്കുന്ന പദ്ധതികൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നുവെന്ന് ഉറപ്പാക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. അതിനാൽ മേൽ ചെലവ് അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം.7/16.01.2019
അംഗീകരിക്കാത്ത ചെലവ്-1,44,900/-രൂപ

**3-6** <u>കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു-അന്തിമ ബില്ലിൽ നിന്നും കാലതാമസത്തിനുള്ള നിയമപരമായ പിഴ ഈടാക്കിയിട്ടില്ല</u>

കരാറുകാരൻ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation for Delay/Liquidated charges (P.A.C തുകയുടേ 0.1% തുക താമസിച്ച ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ, തുക അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. എന്നാൽ പൂയപ്പള്ളി എൽ.പി.എസ് സ്കൂളിന്റെ മെയിന്റനൻസ് പ്രവൃത്തികളുടെ അന്തിമ

ബില്ലിൽ നിന്നു ഫൈൻ ഈടാക്കിയതിൽ കുറവുണ്ടായി. വിശദാംശങ്ങൾ രേഖപ്പെടുത്തുന്നു.

പ്രോജക്ട് നം.132/17

അടങ്കൽ തുക- 300,000/-രൂപ ( മെയിന്റനൻസ് നോൺ റോഡ് )

എഗ്രീഡ് പി.എ.സി.-3,00,000/-രൂപ

പ്രവൃത്തിമൂല്യം : 2,26,949/-രൂപ

കരാറുകാരൻ - ശ്രീ. ഷൈൻ.എസ്

എഗ്രിമെന്റ് നം.41/AE/LSGDPP4/16-17 തീയതി, 25.01.17

ടി.എസ്.നം.LSGD/TS/2017-18/48471 തീയതി, 21.12.16

എം.ബുക്ക് നം.19/17-18

ബിൽനം:58/22.03.18:1,85,826/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേര് –ശ്രീമതി.അനുപമ.എസ്.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി ആരംഭിച്ച തീയതി :25.01.2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി:05.02.2018

പ്രവർത്തിയ്ക്ക് അനുവദിച്ച സമയം :3 മാസം

അധികരിച്ച കാലയളവ് :9 മാസം( 39ആഴ്ച)

ഈടാക്കേണ്ട ഫൈൻ : 11,700/-രൂപ (300000 x0.1% X 39)

ഈടാക്കിയ ഫൈൻ:7,433/-രൂപ

ഈടാക്കാൻ ബാക്കിയുള്ള ഫൈൻ:4,267/-രൂപ

കരാറുകാരിനിൽ നിന്നും 4,267/-രൂപ കുടി ഫൈൻ ഇനത്തിൽ ഈടാക്കാത്തതിന്റെ കാരണം ബോധ്യപ്പെടുത്തേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എ ഇ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരിച്ച ചെലവ് തുക:4,267/- രൂപ

ഓഡിറ്റ്എൻക്വയറി നം:14/02.02.19

## 3-7 <u>തച്ചക്കോട് വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ -സംയുക്ത പ്രോജക്ട്</u>

നടപ്പായില്ല
തച്ചക്കോട് വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ (181/18)

അടങ്കൽ 4,94,000/-രൂപ (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് 4,94,000/-രൂപ

ബിൽ നമ്പർ 8/27-11-2017

നിർവഹണഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടിനായി വിഹിതം നൽകുകയാണ് ചെയ്തിരിക്കുന്നത്. 14,40,000/-രൂപ അടങ്കൽ ഉള്ള പ്രസതുത പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6,00,000/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം ആയി 8,40,000 രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ആയതിന്റെ എസ്.സി.പി.ഫണ്ട് വിഹിതമായിട്ടാണ് പ്രസ്തുത തുക നൽകിയിരിക്കുന്നത്. ബാക്കി 3,50,000/- രൂപ ജനറൽ വിഭാഗത്തിൽ നിന്ന് വകയിരുത്തിയത് പിൻവലിച്ച സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പണി പൂർത്തീകരിച്ച് ഫൈനൽബില്ല്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നറിയിച്ചു. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 21/23-1-19

തടസ്സപ്പെടുത്തിയ തുക-4,94,000/-രൂപ

**3-8** പാലമുക്ക് ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതിക്ക് ബാലൻസ് എസ്റ്റിമേറ്റ് തുക അടവാക്കൽ -പണി പൂർത്തിയായില്ല
പ്രോജക്ട് നമ്പർ 176/18

പ്രോജക്ടിന്റെ പേര് – പാലമുക്ക് ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതിക്ക് ബാലൻസ് എസ്റ്റിമേറ്റ് തുക അടവാക്കൽ

അടങ്കൽ 40,670/-രൂപ
വികസന ഫണ്ട്(SCP)

ചെലവ് 40,670/-രൂപ

ബിൽ നമ്പർ 7/20-10-2017

നിർവഹണഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിനായി വാളകം പി.എച്ച്.ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KWA/PHSDV/DB1-07/2016-ാം നമ്പർ എസ്റ്റിമേറ്റ് പ്രകാരമുള്ള 4,90,670/-രൂപയിൽ 4,50,000/-രൂപ 2016-17 സാമ്പത്തിക വർഷം നൽകിയിരുന്നു. ആയതിന്റെ ബാക്കി തുകയാണ് പ്രസ്തുത പ്രോജക്ട് പ്രകാരം നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രമോ, ഫൈനൽ ബില്ലോ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ 2017-18 വർഷം ചെലവഴിച്ച 40,670/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 1/ 23-1-2019

തടസ്സപ്പെടുത്തിയ തുക -40,670/-രൂപ

**3-9** ഗ്രാമസഭ ലിസ്റ്റിൽ ഉൾപെടാത്തവർക്കു സബ്സിഡി നൽകി

പ്രോജക്ട് നമ്പർ-65/18
അടങ്കൽ തുക-3,54,000/-രൂപ (വികസന ഫണ്ട്)
ഗുണഭോക്തൃവിഹിതം-65,000/-രൂപ
ചെലവ്-1,97,000/-രൂപ
ബിൽ നം.6/17.1.18;78,000/-രൂപ
ബിൽ നം.10/8.3.18;58,500/-രൂപ
ബിൽ നം.13/26.3.18;60500/-രൂപ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ തെങ്ങു കൃഷി വികസനം എന്നീ പ്രോജെക്ടിൽ ഗ്രാമ സഭ ലിസ്റ്റിൽ ഉൾപ്പടാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കയിട്ടുണ്ട്.

ഒരു തെങ്ങിൻ തൈയും, 2 കിലോ വേപ്പിൻ പിണ്ണാക്കുമാണ് ഒരു കർഷകന് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. KAICO-യിൽ നിന്നും ഒരു തെങ്ങിൻതൈക്ക് 200/-രൂപയും 2 കിലോ വേപ്പിൻ പിണ്ണാക്കിന് 60/- രൂപയും പ്രകാരം വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കർഷകർ ഒരു തെങ്ങിൻ തൈക്ക് 50/-

രൂപയും 2 കിലോ വേപ്പിൻ പിണ്ണാക്കിന് 45/- രൂപയും ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പടാതെ ആനുകൂല്യം നൽകിയ തെങ്ങുകൃഷി വികസനം പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരവും, അവർക്ക് നൽകിയ സബ്സിഡി ആനുകൂല്യത്തിന്റെ വിവരവും താഴെ പറയുന്നു.

| ക്രമനം | പേര്, മേൽവിലാസം | വാർഡ് | തെങ്ങിന്റെ എണ്ണം | സബ്സിഡി | |
|---|---|---|---|---|---|
| | | | | 150രൂപ/തെങ്ങ് | 45രൂപ/ 2കി.ഗ്രാം |
| 1 | മെഹറുന്നിസ, ചരുവിള പുത്തൻവീട്, പയ്യക്കോട് | 10 | 5 | 750 | 225 |
| 2 | ഷഹീറ, പുതുവള വീട്, അന്ത്രക്കോട് | 11 | 3 | 450 | 135 |
| 3 | സബൂറ, പള്ളിതെക്കതിൽ , പയ്യക്കോട് | 11 | 5 | 750 | 225 |
| 4 | ബേബി, പാലവിള വീട്, പയ്യക്കോട് | 11 | 9 | 1350 | 405 |
| 5 | സുജനകുമാരൻ നായർ, ചാത്തമത്ത് തെക്കേതിൽ വീട്, മൈലോട് | 6 | 10 | 1500 | 450 |
| 6 | റോയ്, മാന്തോട്ടം, മൈലോട് | 6 | 10 | 1500 | 450 |
| 7 | നജിമുദ്ദീൻ, ക്ലാവറ വടക്കേക്കര പുത്തൻ വീട്, ചെങ്കുളം | 12 | 5 | 750 | 225 |
| 8 | കുഞ്ഞുമോൻ, കുന്നുവിള വീട്, മരുതമൺപള്ളി | 9 | 10 | 1500 | 450 |
| 9 | സന്തോഷ് കുമാർ, അജയഭവൻ, മരുതമൺപള്ളി | 14 | 10 | 1500 | 450 |
| 10 | ബാലചന്ദ്രൻപിള്ള, വെള്ളംകൊള്ളിൽ വീട്, മരുതമൺപള്ളി | 14 | 10 | 1500 | 450 |
| 11 | ജോൺസൺ,സാലീ ഭവനം, പൂയപ്പള്ളി | 16 | 10 | 1500 | 450 |

| | | | | | |
|---|---|---|---|---|---|
| 12 | സോമരാജൻ പിള്ള, പേഴുവിള വീട്, മരുതമൺപള്ളള | 16 | 10 | 1500 | 450 |
| 13 | രാമചന്ദ്രൻനായർ.എസ്, ശ്രീവത്സം, മരുതമൺപള്ളി | 14 | 10 | 1500 | 450 |
| 14 | ബേബി തോമസ്, ഷിബു വില്ല, ചെങ്കുളം | 13 | 10 | 1500 | 450 |
| 15 | നൗഷാദ്, അനീസാ മൻസിൽ, മരങ്ങാട് | 7 | 10 | 1500 | 450 |
| 16 | ഓമന, ചരുവിള പുത്തൻ വീട്, മൈലോട് | 6 | 10 | 1500 | 450 |
| 17 | കെ.എം.ജോർജ്ജ്, കുടാരപള്ളിൽ, ചെങ്കുളം | 12 | 10 | 1500 | 450 |
| 18 | ചന്ദ്രവല്ലി, പുത്തൻവിള വീട്, മുള്ളുകാട് | 3 | 10 | 1500 | 450 |
| ആകെ | | | | | 7,065/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആനുകൂല്യം നൽകിയ മേൽ അപേക്ഷകരുടെ പേരുകൾ കൂടി ഉൾപ്പെടുത്തി അംഗീകരിച്ച ഗ്രാമ സഭ ലിസ്റ്റ് പിന്നീട് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ളത്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ പറഞ്ഞ വ്യക്തികൾക്ക് നൽകിയ സബ്സിഡി ആനുകൂല്യങ്ങൾ അനുവദിക്കത്തക്കതല്ല. ആയതിനാൽ തെങ്ങിനും, ജൈവവളത്തിനുമായി നൽകിയ സബ്സിഡി ആനുകൂല്യതുകയായ 30,615/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും 30,615/-രൂപ ഈടാക്കി തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം:03/30.01.19

## 3-10 പാലിന് സബ്സിഡി പ്രോജക്ട് ഗുരുതര അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥ-ഡയറിഫാം ഇൻസ്ട്രക്ടർ

അടങ്കൽ തുക-11,50,000/-രൂപ

(വികസനഫണ്ട് -5,50,000/-രൂപ

ബിൽ നം. 1/17-18/18.1.18

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-4,00,000/-രൂപ
ചെക്ക് നം.2879187/17.3.18
ജില്ലാ പഞ്ചായത്ത് വിഹിതം-2,00,000/-രൂപ
ചെക്ക് നം.2879190/28.3.18)

ഡയറിഫാം ഇൻസ്ട്രക്ടർ നിർവഹണംനടത്തിയ പാലിന് സബ്സിഡി പ്രോജക്റ്റ് പ്രകാരം 11,50,000/-രൂപ പാൽ സബ്സിഡിയായി 7 ക്ഷീരസംഘങ്ങൾക്കായി നിർവഹണോദ്യോഗസ്ഥ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്ഷീരസംഘങ്ങൾക്ക് നൽകിയ തുകകൾ കർഷകർക്ക് നൽകുന്നതിനുള്ള കാലതാമസം, നൽകിയതുകയിൽ കുറവ്, ക്ഷീരസംഘങ്ങളിൽ നിന്നും കർഷകർക്ക് ക്യാഷ് ആയി നൽകിയിരിക്കുന്നു, എന്നീ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ ബാങ്ക്പാസ്സ്ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## I. മരുതമൺ പള്ളി ക്ഷീരസഹകരണസംഘം

### 1)തുക വിതരണം ചെയ്യുതിൽ കാലതാമസം

29.01.2018,17.03.2018,19.03.2018 തീയതികളിലായി നൽകിയ 1,84,749/- രൂപയുടെ ആദ്യഗഡു കർഷകർക്ക് നൽകിയത് 01.06.2018ൽ മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സംഘത്തിന്റെ അക്കൗണ്ടിൽ തുകലഭിച്ച തീയതി | നൽകിയ തുക | കർഷകർക്ക് വിതരണം ചെയ്ത തീയതി | നൽകിയ തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 29.01.2018 | 89,700 | 01.06.2018 | 84,865 | 4,835 |
| 17.03.2018 | 64,007 | വിതരണം ചെയ്തില്ല | - | 64,007 |
| 19.03.2018 | 31,042 | 15.09.2018<br>22.11.2018 | 10,198<br>19,367 | 1,477 |
| - | - | 30.11.2018 | 3,808 | - |
| ആകെ അക്കൗണ്ടിൽ ലഭിച്ച തുക | 1,84,749 | ആകെവിതരണം ചെയ്ത തുക | 1,18,238 | 66,511 |

മേൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം 19.03.2018 വരെ സംഘത്തിന്റെ അക്കൗണ്ടിൽ ലഭിച്ച 1,84,749/-രൂപയിൽ 1,18,238/-രൂപ 30.11.2018 വരെ വിതരണം ചെയ്തിട്ടുണ്ട്. 66,511 രൂപയുടെ സബ്സിഡി ക്ഷീരകർഷകർക്ക് ഇനിയും

ലഭിക്കാനുണ്ട്. സംഘത്തിന്റെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ വിവിധ തീയതികളിൽ സംഘത്തിന്റെ ആവശ്യത്തിനായി ചെക്ക് ഉപയോഗിച്ച് പിൻവലിച്ചിട്ടുണ്ട്. പാസ്സ് ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30.01.2019 ൽ 49,000/-രൂപയും31.01.2019ൽ 21,000/-രൂപയും അക്കൗണ്ടിൽ തിരികെ ഒടുക്കി. ടി തുക കർഷകർക്ക് വിതരണം ചെയ്തുവെന്ന് ബോധ്യപ്പെടുന്നതിനായി കർഷകരുടെ പാസ്സ്ബുക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റ് തീയതി വരെ ആയവ ഹാജരാക്കിയിട്ടില്ല. ക്ഷീരകർഷകർക്ക് സമയബന്ധിതമായി സബ്സിഡിയിനത്തിൽ നൽകേണ്ട തുക ഇപ്രകാരം സംഘത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ചിട്ടും ആയത് ശ്രദ്ധയിൽപ്പെടാതിരുന്നതും തുക ക്ഷീരകർഷകർക്ക് വിതരണം ചെയ്തുവെന്ന് ഉറപ്പുവരുത്താതിരുന്നതും നിർവഹണോദ്യോഗസ്ഥയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സബ്സിഡി നൽകി

പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെട്ടിട്ടില്ല. ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി തുടർന്നുള്ള കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമനം | പേര് | മേൽവിലാസം | നൽകിയ തുക(രൂപ) |
|---|---|---|---|
| 1 | നാസറുദ്ദീൻ | നിമിഷഭവൻ, പയ്യക്കോട് | 4,921 |
| 2 | അച്ചാമ്മബേബി | പുത്തൻപുരയ്ക്കൽ, കോഴിക്കോട് | 8,294 |
| 3 | കുഞ്ഞുമോൻ.എൽ | തുണ്ടുവിള, മരുതമൺപള്ളി | 2,603 |
| 4 | പൊന്നമ്മ | കാവുങ്ങൽ മേലതിൽ, കോഴിക്കോട് | 16,740 |
| 5 | അജിൻ.എൽ.എസ്സ് | താഴതിൻവീട് കോഴിക്കോട് | 2,526 |
| 6 | ആശാറാണി | ആതിരഭവൻ, പുന്നക്കോട് | 2,756 |

| | | | |
|---|---|---|---|
| 7 | പാപ്പച്ചൻ.വൈ | പൊയ്കവിളവീട് , മരുതമൺപള്ളി | 845 |
| 8 | കുഞ്ഞമ്മ | മുഴപ്പിൻതറ, കോഴിക്കോട് | 1,113 |
| 9 | ജോൺകുട്ടി | വാരുവിള, മരുതമൺപള്ളി | 585 |
| 10 | സുരേന്ദ്രൻ.ഇ | ദിലീപ് സദനം, കോഴിക്കോട് | 3,867 |
| 11 | സുരേഷ് കുമാർ | സുരേഷ് ഭവൻ, മരുതമൺപള്ളി | 1,050 |
| 12 | നിർമ്മല | ചരുവിള, കോഴിക്കോട് | 5,742 |
| 13 | തോമസ്സ് | ചരുവിള, മരുതമൺപള്ളി | 817 |
| 14 | രവീന്ദ്രൻനായർ | ചെറുകരവീട്. കോഴിക്കോട് | 6,953 |
| 15 | സുഷമ്മ | തലക്കൽപണയിൽ, മരുതമൺപള്ളി | 4,145 |
| 16 | സുരേന്ദ്രൻ.എം | ഇടപൊയ്കയിൽ, കോഴിക്കോട് | 1,098 |
| 17 | എം.സദാശിവൻപിള്ള | മംഗലത്ത്ചരുവിള, മരുതമൺപള്ളി | 3,567 |
| 18 | എം.ജോയ് | കുന്നുവിളവീട്, മരുതമൺപള്ളി | 2,775 |
| 19 | വർഗ്ഗീസ് കിരിയൻ | ഇടവത്തുമണ്ണിൽ, മരുതമൺപള്ളി | 3,525 |
| 20 | എ.ടി.കൊച്ചുണ്ണി | ഏറത്തുപുത്തൻവീട്, മരുതമൺപള്ളി | 389 |
| 21 | കെ.പി.ജോൺ | മനമന്ദിരം, മരുതമൺപള്ളി | 12,456 |
| 22 | അലക്സ്മാത്യൂ | പാലോട്ട്ചാങ്ങവീട്, മരുതമൺപള്ളി | 6,622 |
| 23 | മാത്യൂ.ഡി | മിനി വിലാസം, മരുതമൺപള്ളി | 1,970 |
| 24 | സാമുവൽ | മുളംപൊയ്ക, കോഴിക്കോട് | 496 |
| 25 | ലൂക്കോസ്.ജി | തെങ്ങുവിള, കോഴിക്കോട് | 3,552 |
| 26 | ജേക്കബ്, | നിരപ്പിൽ | 2,665 |

| | | | |
|---|---|---|---|
| | | പുത്തൻവീട്, പുന്നക്കോട് | |
| 27 | ഗീവർഗ്ഗീസ് | മഞ്ഞോട്ട് വീട്, മരുതമൺപള്ളി | 3,546 |
| 28 | ജോർജ്ജ്കുട്ടി | മുണ്ടപ്പള്ളിൽ, മരുതമൺപള്ളി | 2,045 |
| 29 | ശാന്തമ്മ | ശ്രീകൃഷ്ണവിലാസം, മരുതമൺപള്ളി | 5,122 |
| 30 | സുരേന്ദ്രൻപിള്ള | രേഷ്മാഭവൻ, കോഴിക്കോട് | 772 |
| 31 | രാജൻ.എൽ | തുണ്ടുനിള, മരുതമൺപള്ളി | 2,949 |
| 32 | സുരേഷ്ബാബു | പൊയ്കവിള, കോഴിക്കോട് | 4,641 |
| 33 | ടി.ബോബി | തെങ്ങുവിള, കോഴിക്കോട് | 1,131 |
| 34 | സി.നാണു | ചരുവിളവീട് കോഴിക്കോട് | 1,755 |
| 35 | ആലീസ് | തെങ്ങുവിള മേലതിൽ,ചെങ്കുളം | 1,307 |
| 36 | ചന്ദ്രൻപിള്ള | ചരുവിള, നെല്ലിപ്പറമ്പ് | 1,027 |
| 37 | ജി.ബേബി | മുരിങ്ങമംഗലത്ത്, മരുതമൺപള്ളി | 1,601 |
| 38 | ടി.വിജയകുമാർ | വിജയഭവൻ, മരുതമൺപള്ളി | 410 |
| 39 | കിരിയൻ.ടി.ജി | ഇടവട്ടത്തുമണ്ണിൽ, മരുതമൺപള്ളി | 6,010 |
| 40 | മധു | മിഥുൻഭവൻ, വെളംകോണം | 4,443 |
| | | ആകെ | 1,38,831/- |

ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് നൽകിയ 1,38,831/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

II. വെളിയം പടിഞ്ഞാറ്റിൻകര ക്ഷീരോൽപ്പാദക സഹകരണസംഘം

1. തുക പൂർണ്ണമായും നൽകിയിട്ടില്ല.

09.03.2018, 20.04.2018 തീയതികളിലായി നൽകിയ 67,516/-രൂപയുടെ ആദ്യഗഡു കർഷകർക്ക് 17.03.2018ൽ നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ അക്കൗണ്ടിൽ തുക ലഭിച്ച തീയതി | നൽകിയ തുക(രൂപ) | കർഷകർക്ക് വിതരണം ചെയ്തതീയതി | നൽകിയ തുക(രൂപ) | നൽകാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|
| 09.03.2018 | 27,800 | 17.03.2018 | 26,220 | 1,580 |
| 20.04.2018 | 39,716 | വിതരണം ചെയ്തിട്ടില്ല | - | 39,716 |
| അക്കൗണ്ടിൽ ആകെ ലഭിച്ചതുക | 67,516 | വിതരണം ചെയ്ത തുക | 26,220 | 41,296 |

മേൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം 41,296 രൂപയുടെ സബ്സിഡി കർഷകർക്ക് ഇനിയും ലഭിക്കാനുണ്ട്. ഇതിൽ 09.03.2018 വിതരണം ചെയ്തതിൽ നൽകാൻ ബാക്കിയുള്ള 1,580/-രൂപ ശ്രീ.രാജാങ്കതൻ, റോസ്സ്ഭവൻ എന്ന വ്യക്തിയ്ക്കാണ് നൽകാനുള്ളത്. ടി വ്യക്തിയെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. 20.04.2018-ൽ സംഘത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയ 39,716/-രൂപ നാളിതുവരെ കർഷകർക്ക് വിതരണം ചെയ്യാതിരുന്നത് ശ്രദ്ധയിൽപ്പെടാതിരുന്നത് നിർവഹണോദ്യോഗസ്ഥയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

III. <u>പഞ്ചായത്തിനു പുറത്തുള്ള ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകരുടെ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.</u>

പഞ്ചായത്തിന്റെ പരിധിയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന വെളിയം, വെളിയം പടിഞ്ഞാറ്റിൻകര, അമ്പലംകുന്ന് എന്നീ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർ പൂയപ്പള്ളി പഞ്ചായത്തിന്റെ ഏതൊക്കെ വാർഡുകളിൽ നിന്നുള്ളവരാണ്, ഇവർ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്ത പക്ഷം ടി ഗുണഭോക്താക്കൾക്ക് നൽകിയ തുക

നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് ഓഡിറ്റ് തീയതി വരെ കൈമാറിയിട്ടില്ലാത്ത 1,07,807/- (മരുതമൺ പള്ളി സംഘം 66511, വെളിയം പടിഞ്ഞാറ്റിൻകര സംഘം 41,296) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് തുക എത്തിയതിന്റെ രേഖകൾ (പാസ്സ്ബുക്കുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ജി.ഒ.എം.എസ്സ് 72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം പദ്ധതി നിർവഹണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. ആസൂത്രണ സമിതി രൂപീകരണം മുതൽ നേതൃത്വപരമായി ഇടപെട്ട് അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും നിർവഹിക്കേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതി ഇടപെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 8 /01.02.2019
തടസ്സപ്പെടുത്തിയ തുക-2,46,638/-രൂപ
(I (1)-66511/-, I (2)-1,38,831/-, II (1)-41,296/-)

## **3-11** സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ -വിനിയോഗ സാക്ഷ്യപത്രം /ബാലൻസ് തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക- **4,10,458/-**രൂപ

ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം/ബില്ലുകൾ ഹാജരാക്കാത്തതിനാൽ 4,10,458/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (രൂപ) | ചെലവ് തുക (രൂപ) | ബിൽ നമ്പർ/തീയതി | കൈപ്പറ്റിയ സ്ഥാപനം | അധിക വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 180/18-കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (രണ്ടാംഘട്ടം) | 4,29,179 | 4,27,000 | 41/17-18, 16.03.18 | കേരളാവാട്ടർ അതോറിറ്റി, പി.എച്ച്.ഡി. കൊട്ടാരക്കര | എക്സി.എൻജിനീയറുടെ 22.1.19ലെ വിനിയോഗ സാക്ഷ്യ പത്രത്തിൽ ബില്ല് തുക 3,70,373/-രൂപ യാണെന്നും ബാലൻസ് 56,627/- യാണെന്നും രേഖപ്പെടുത്തി യിട്ടുണ്ട്. | ബില്ല്, ബാലൻസ് തുകയായ 56,627/-രൂപ ഈടാക്കി യിട്ടില്ല. |
| 2 | 61/18-അംഗൻവാടിയ്ക്ക് കുഴൽകിണർ | 1,00,000- | 96,950/- | 14/19.09.17 | എക്സി. എൻജിനീയർ ഭൂജലവകുപ്പ്, | ജി.കെ.റ്റി/ 236/16 നം./ 25.09.18 | ബില്ല്, ബാലൻസ് തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| | അറ്റകുറ്റപ്പണി (വാർഡ്-16) | | | | കൊല്ലം | ധനവിനിയോഗ സർട്ടിഫിക്കറ്റിൽ 93,119/-രൂപ ചെലവഴി ച്ചതായി രേഖപ്പെട്ട ത്തിയിരിക്കുന്നു. | 3,831/- രൂപ ലഭിച്ചിട്ടില്ല. |
| 3. | 181/18- കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ- തച്ചക്കോട് വാർഡ്- (ബ്ലോക്ക് വിഹിതം) | 3,50,000/- | 3,50,000/- | 25/17-18, 28.11.17 | സെക്രട്ടറി , കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | - | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യ പത്രം ഇല്ല |

പ്രോജക്ട് നം.181/18 മായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 3,50,000/-രൂപയുടെ തടസ്സവും മറ്റ് പ്രോജക്ടുകളിലെ ബാലൻസ് തുകയായ 60,458/-രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)ഗുണഭോക്തൃസമിതി രൂപീകരണത്തിനായി നോട്ടീസ് വിതരണം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടേ യോഗം, ബ്ലോക്ക് പ്രസിഡന്റോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ ബന്ധപ്പെട്ട വാർഡ് മെമ്പറോ ചുരുങ്ങിയത് മൂന്ന് ദിവസങ്ങൾക്ക് മുമ്പ് നോട്ടീസുകൾ വിതരണം നടത്തി വിളിച്ച് ചേർക്കണം എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല.

2)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ്, നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും

നിർവ്വഹിക്കേണ്ടത്. സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ, ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ്' അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽ നിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി, കൺവീനർമാർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക ഇടപാടുകൾ, ചെക്ക്/ഡി.ഡി./അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ ഹാജരാക്കിയ രേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിയ്ക്കുന്നില്ല.

3)<u>രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല.(സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ള പേപ്പറിൽ വൻ തുകയ്ക്കുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു), എല്ലാ സാധന സാമഗ്രികളും അംഗീകൃത ഡീലറിൽ നിന്നും വാങ്ങുന്നില്ല. വൗച്ചറുകൾ എല്ലാം ക്രമ നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃ സമിതികൾ, അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണ സാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ട് തന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

4)<u>വരവ്- ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല</u>

ഗുണഭോക്തൃസമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിപ്പിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-13 <u>K.M.S.C.L-ൽ നിന്നും 13,072/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡോ. വിപിൻ .ആർ

(മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൂയപ്പള്ളി)

മരുന്ന് വാങ്ങൽ പ്രോജക്റ്റിൽ മരുന്നിനായി K.M.S.C.L –യിൽ അടവാക്കിയ 21,84,000/- രൂപയിൽ 13,072/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം./ഫണ്ട് | K.M.S.C.Lന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 79/17-18 | 2,84,000/- | 9/12.03.2018 | പി.ആർ.എഫ്/ 4000/3.2.18 | 1,66,175/- | 6,458 |
| | | | പി.ആർ.എഫ്/ 1250/3.02.2018 | 22,629/- | 4,738 |
| | | | പി.ആർ.എഫ്/ 4218/14.02.18 | 82,124/- | 1,876 |
| | | | | ആകെ | 13,072/-രൂപ |

13,072/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഹെഡ്മിസ്ട്രസ്സ് നിർവഹണം നടത്തിയ പദ്ധതികളിൽ അപാകതകൾ

1.സാക്ഷരതാ തുടർ വിദ്യാഭ്യാസം (പ്രോജക്ട്നം S0189/18)

തൻ വർഷം തുടർ സാക്ഷരതാപദ്ധതിയ്ക്കായി തനതുഫണ്ടിൽ നിന്നും 175000രൂപ പിൻവലിച്ച് സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. (ചെക്ക്നം. 9687555/21.03.2018). പത്താംതരംതുല്യതാപരീക്ഷക്കായി 40 പഠിതാക്കൾക്ക് 74,000/-രൂപയും പ്ളസ് ടു തുല്യതാപരീക്ഷക്കായി 45 പഠിതാക്കൾക്ക് 1,10,000/-രൂപയുമാണ് സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പന്ത്രണ്ടാംതരം തുല്യത

18.04.2013ലെ 138/2013/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ നിലവിൽ വന്ന ഹയർസെക്കന്ററി തുല്യതാകോഴ്സിന്റെ മൂന്നാംബാച്ചായ 2017-19ന്റെ പ്രോസ്പെക്റ്റസ് പ്രകാരം രജിസ്ട്രേഷൻ ഫീസ് + അഡ്മിഷൻഫീസ് 300രൂപയും കോഴ്സ്ഫീസ് 1950രൂപയുമാണ്. ഇതനുസരിച്ച് ഒരു പഠിതാവിന് 2,250/-രൂപ നിരക്കിൽ 1,01,250/-രൂപ മാത്രമാണ് ഫീസിനത്തിൽ ഒടുക്കേണ്ടിയിരുന്നത്. ഹയർസെക്കന്ററി തുല്യതയ്ക്കുള്ള 45 പഠിതാക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. പക്ഷെ ഈ പഠിതാക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെയോ, പരീക്ഷയിൽ പങ്കെടുത്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. പഠിതാക്കൾക്കുള്ള പാഠോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കിയില്ല.

പത്താംതരം തുല്യത

പത്താംതരം തുല്യതയ്ക്കുള്ള 40 പഠിതാക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. പക്ഷെ ഈ ഗുണഭോക്താക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്യതിന്റെയോ, പരീക്ഷയിൽ പങ്കെടുത്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. പഠിതാക്കൾക്കുള്ള പഠനോപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യതിന്റെ രേഖകളും ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ആഡിറ്റ് എൻക്വയറി നല്കിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി ഒടുക്കുവരുത്തിയ 8,750/-രൂപയുടെ (110000-101250) ചെലവ് നിരാകരിക്കുന്നു. ആവശ്യയമായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ക്രമപ്രകാരം ചെലവഴിച്ച 1,66,250/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുകയും അധികമായി സാക്ഷരതാമിഷനിലേക്ക് ഒടുക്കുവരുത്തിയ 8,750/-രൂപയുടെ (110000-101250) ചെലവ് നിരാകരിക്കുകയും ചെയ്യുന്നു. അധികമായി ചെലവഴിച്ച 8,750/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ആവശ്യമായ രേഖകൾ ഹാജരാക്കി 1,66,250/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 5a /30-1-19.

നിരാകരിച്ച തുക – 8750/-

തടസ്സപ്പെടുത്തിയ തുക – 166250/-

2. <u>വായനാക്കൂട്ടം (പ്രോജക്ട്നം S0082/18) നോട്ടിസ് പ്രിന്റിംഗിന് തുക അധികം നൽകി.</u>

അടങ്കൽ തുക -2,00,000/-രൂപ (വികസനഫണ്ട്)

ചെലവ് -1,96,640/-രൂപ (ബിൽനം 3/17-18/14.03.18),
2000/- രൂപ (ബിൽനം 4/17-18 /21.03.2018)

വായനാക്കൂട്ടം പദ്ധതിയുടെ ഭാഗമായി വായനാ പ്രതിഭ അവാർഡ്, തളിര് സ്കോളർഷിപ്പ് വിതരണം കാര്യപരിപാടിയുടെ നോട്ടീസ് പ്രിന്റ് ചെയ്ത ഇനത്തിൽ 2,000/-രൂപ ബിൽ നം.4/17-18/21.03.2018 പ്രകാരം പിൻവലിച്ച് 'E.mythri Franchise' എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന് നൽകിയിരിക്കുന്ന രസീതിൽ ഡബിൾസൈഡ് പ്രിന്റ് 1 രൂപ നിരക്കിൽ 1000 നോട്ടീസ് പ്രിന്റ് ചെയ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അധികമായി നൽകിയ 1000/-രൂപ തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിച്ച തുക – 1,000/-രൂപ

**3-15** <u>വിദ്യാർത്ഥികൾക്ക് പഠനമുറി –അനുവദനീയമായതിനേക്കാൾ വലിപ്പത്തിൽ</u>

<u>പഠനമുറി നിർമ്മിച്ചു.</u>

പ്രോജക്ട് നമ്പർ 40/18 (സ്പിൽ ഓവർ)

പ്രോജക്ട് +1 വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ4,80,000/-രൂപ (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് 4,60,000/-രൂപ

ബിൽ നമ്പർ 2/21-6-2017-2,70,000/-

4/21-8-2017-1,90,000/-

നിർവഹണഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017 തസ്വഭവ.തീയതി, 3.4.17 പ്രകാരം പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ ഭവനത്തോട് ചേർന്ന് 100 ചതുരശ്ര അടിയിലധികരിക്കാതെ പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി അംഗീകരിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ അവസാനഗഡു കൈപ്പറ്റി അനുവദനീയമായതിലും കൂടുതൽ വലിപ്പത്തിൽ പഠനമുറി നിർമ്മിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം |
|---|---|
| ശശിധരൻ<br>കുന്നുവിള<br>ശ്രുതിഭവൻ | 130.112 ച.അടി |
| ശശികല<br>ആദർശ് | 159.54 ച.അടി |
| സോമൻ<br>അരുൺ | 124.39 ച.അടി |
| ശകുന്തള<br>കാവുവിള മേലതിൽ | 159.54 ച.അടി |
| സുപ്രഭ ദാസ്<br>രാഹുൽരാജ് | 128.79 ച.അടി |
| രാജൻ<br>ആദർശ് ഭവൻ | 127.33 ച.അടി |
| ശശികല.കെ<br>കോയിപ്പുറത്ത് | 128.77 ച.അടി |

പദ്ധതി മാർഗ്ഗരേഖ പ്രകാരം പഠനമുറിക്ക് പരമാവധി അനുവദിക്കാവുന്ന വിസ്തീർണ്ണം 100 ചതുരശ്രഅടിയാണെന്നിരിക്കെ ആയതിൽ കൂടുതൽ

നിർമ്മിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അഡ്വാൻസ് തുക നൽകി എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും വലിപ്പം കൂടുതൽ ആയി പോയതാണെന്നാണ് അറിയിച്ചിട്ടുള്ളത് ഈ മറുപടി അംഗീകരികരിക്കത്തക്കതല്ല. അഡ്വാൻസ് തുക നൽകി എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും അവസാന ഗഡു നൽകുന്നതിന് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിസ്തീർണ്ണം സംബന്ധിച്ച ഓവർസിയറുടെ റിപ്പോർട്ട് പരിശോധിക്കേണ്ടതായിരുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/24.1.19

## 3-16 <u>അർഹരല്ലാത്തവർക്ക് സ്കോളർഷിപ്പ്</u>

പ്രോജക്ട് നമ്പർ – 90/18

പ്രോജക്ട് –പ്രെഫഷണൽ കോഴ്സിനു പഠിക്കുന്ന എസ്.സി.കുട്ടികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ –3,00,000/-രൂപ (വികസന ഫണ്ട് -എസ്.സി.പി)

ചെലവ് –3,00,000/-രൂപ

ബിൽ നമ്പർ – 12/18-1-18-2,75,000/-രൂപ

13/29-1-18-25,000/-രൂപ

നിർവഹണഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന SC കുട്ടികൾക്ക് പഠന സഹായം എന്ന നിലയിൽ സ്കോളർഷിപ്പ് നൽകാനാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പോസ്റ്റ് ഗ്രാജ്വേഷന് പഠിക്കുന്ന കുട്ടിക്ക് 30,000/-രൂപയും ഡിഗ്രിയ്ക്ക് പഠിക്കുന്ന കുട്ടിക്ക് 25,000/- രൂപയും വീതം നൽകാനാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രോജക്ടിലെ ഗുണഭോക്താവായ മനീഷ് എന്ന കുട്ടി (കൈപ്പറ്റിയിരിക്കുന്ന തുക 30,000/-രൂപ) 2015-17 വർഷം ആണ് എംകോമിന് പഠിച്ചിരിക്കുന്നത്. 2017-18 സാമ്പത്തികവർഷം പഠിക്കാത്ത കുട്ടികൾക്ക് പഠനസഹായമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ടി കുട്ടികളുടെ കോഴ്സ് 2017 ജൂൺ മാസം വരെ ഉണ്ടായിരുന്നുവെന്നും ആയതിനാലാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതെന്നും ആതിനാലാണ് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടകുട്ടി ആനുകൂല്യം കൈപ്പറ്റിയ സമയത്ത് പഠിതാവായിരുന്നോ എന്ന് പരിശോധിക്കാതെ നിർവ്വഹണ

ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. 2017-18 വർഷം പഠിച്ചിരുന്നതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ടി യിനത്തിൽ ചെലവഴിച്ച തുകയായ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**3-17** <u>വീട് വാസയോഗ്യമാക്കൽ ജനറൽ പ്രോജക്റ്റിലും, എസ്.സി പ്രോജക്റ്റിലും ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരിച്ച് ഒടുക്കി.</u>

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് വാസയോഗ്യമാക്കൽ ജനറൽ (SO94/18), എസ്.സി.പി (SO98/18) പദ്ധതികളിൽ രണ്ടു ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ വകയിരുത്തിയതിനേക്കാൾ അധികം തുക നൽകി.

ജനറൽ പദ്ധതിയിൽ 14,40,000/-രൂപയും എസ്.സി പ്രോജക്റ്റിൽ 19,00,000/- രൂപയും ആണ് വകയിരുത്തിട്ടുള്ളത്. ജനറൽ പദ്ധതിയിൽ ആകെ 13,20,000/-രൂപയും, എസ് സി പി പദ്ധതിയിൽ 19,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ജനറൽ പദ്ധതിയിൽ ബിൽ നമ്പർ :32/24.03.18 പ്രകാരം ശ്രീ.ബാലചന്ദ്രൻ.ബി ആർ.എസ് ഭവൻ, ചെങ്കുളം എന്ന ഗുണഭോക്താവിന് 15,000/-രൂപ അധികം നൽകി കൂടാതെ എസ്.സി പദ്ധതിയിൽ ബിൽ നമ്പർ:35/28.03.18: പ്രകാരം ശ്രീമതി.രാധാമണി.കെ. എന്ന വ്യക്തിക്ക് 25,000/-രൂപ അധികം നൽകി. അധികം നൽകിയ തുക 40,000/-രൂപ ഓഡിറ്റിലെ നിർദ്ദേശ പ്രകാരം ചെലാൻ മുഖേന (നം.73698/01.12.19) തിരിച്ചു ഒടുക്കിയ അസ്സൽ ചെല്ലാൻ പരിശോധനയ്ക്കു ഹാജരാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമ്പോൾ ശരിയായ പരിശോധന നടത്തി ഇത്തരം പിശകുകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**3-18** <u>അനുവദനീയമല്ലാത്ത പബ്ലിക് ടാപ്പ് അനുവദിച്ചു- തുക നിരാകരിക്കുന്നു.</u>

3.4.17-ലെ ജി.3(എം.എസ്) നം.80/17/തസ്വഭവ നമ്പർ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പബ്ലിക് ടാപ്പ് സ്ഥാപിച്ചു. 23-6-2017 തീയതിയിലെ 22741 നമ്പർ ചെക്ക് പ്രകാരം 5,000/-രൂപ ഈ ആവശ്യത്തിലേയ്ക്ക് പിൻവലിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 17-3-2017 തീയതിയിലെ IV (2) നമ്പർ തീരുമാനപ്രകാരം 27-5-2017 തീയതിയിൽ നമ്പർ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ആയതു പ്രകാരം തുക നൽകുകയും ചെയ്തു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എം. എൽ.എ.യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ചു നിലവിൽ പബ്ലിക് ടാപ്പ് അനുവദിക്കുന്നുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയത്

അംഗീകരിക്കുന്നില്ല. ടി തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 3/25.1.19
നിരാകരിച്ച തുക-5,000/-രൂപ

## 3-19 ദേശീയ തൊഴിലുറപ്പ് പദ്ധതി

2017-18 സാമ്പത്തിക വർഷത്തിൽ 1376 കുടുംബങ്ങൾക്കായി 71132 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 169 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 2,04,92,000/-രൂപയുടെ ചെലവ് ഭൂവികസനം, ജലസംരക്ഷണ പ്രവൃത്തികൾ, പി.എം.എ.വൈ ഭവന നിർമ്മാണ പ്രവർത്തികൾ എന്നിവയ്ക്കാണ് മുഖ്യമായും വിനിയോഗിച്ചത്. ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ് നടപ്പാക്കിയിട്ടുള്ളത്.
2.എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു
3.സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച കേസുകളിൽ വസ്തു ഉടമ മുദ്രപത്രത്തിൽ ഗ്രാമപഞ്ചായത്തുമായി കരാർ വച്ചിട്ടില്ല.
4.റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. ചിറകളുടെ പുനരുദ്ധാര പ്രവൃത്തികളിൽ നിന്നും നീക്കം ചെയ്യുന്ന ചെളി, മണ്ണ് എന്നിവയുടെ വിനിയോഗം മൂല്യ നിർണ്ണയ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.
6.പ്രവൃത്തിയുടെ ഫോട്ടോകൾ എല്ലാ ഫയലുകളിലും ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റേയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, സാധിക്കുന്നില്ല.
7.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
8.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.
9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,36,850 | നെൽകൃഷി | 1,36,850 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം | 75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | പാലിയേറ്റീവ് കെയർ | 0 | 2,00,000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1,00,000 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 1,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1,36,850 | നെൽകൃഷി | 1,36,850 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 74,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠനസഹായം | 74,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ്മെയിൻ വലിക്കൽ | 300734867/ 23/8.1.18 | 4,99,970 | 4,99,970 | 0 |
| കേരളാവാട്ടർ അതോറിറ്റി | വാർഡുകളിൽ പൈപ്പ് ലൈൻനീട്ടൽ | 24/18.1.18 | 6,00,000 | 6,00,000 | 0 |
| കേരളാവാട്ടർ അതോറിറ്റി | വാർഡുകളിൽ പൈപ്പ് ലൈൻനീട്ടൽ-രണ്ടാംഘട്ടം | 41/17-18/ 16.3.18 | 4,27,000 | 3,70,373 | 56,627 |
| കേരളാവാട്ടർ അതോറിറ്റി | വാർഡ് 16 കുഴൽകിണർ അറ്റകുറ്റപണി | 14/17-18 /19.9.17 | 96,950 | 93,119 | 3,831 |
| കേരളാവാട്ടർ അതോറിറ്റി | തച്ചക്കോട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 8/27.11.17 | 4,94,000 | 0 | 4,94,000 |
| കേരളാവാട്ടർ അതോറിറ്റി | തച്ചക്കോട് വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 25/17-18 /28.11.17 | 3,50,000 | 0 | 3,50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,614രൂപയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14, 2014-15 | 2-2 | 1700 | ബ്രാഞ്ച് മാനേജർ, കെ.എസ്സ്.എഫ്.ഇ , ഓയൂർ | 117010101258/ 25.08.2017 |
| 2013-14, 2014-15 | 2-2 | 100 | ശ്രീ.ദിലീപ് | 117010100401/ 11.05.2017 |
| 2015-16 | 3-5 | 120 | ശ്രീമതി.മിനി | 117010100642/ 14.06.2017 |
| 2015-16 | 2-1 | 100 | ശ്രീ.മോഹനൻ | 117010100483/ 19.09.2017 |
| 2014-15 | 2-2 | 2500 | പ്രൊപ്രൈറ്റർ, ടേസ്റ്റിനട്ട്സ് ഇൻഡസ്ട്രീസ്, ചെങ്കുളം | 117010101106/ 09.08.2017 |
| 2016-17 | 2-2 | 650 | ശ്രീ.അലക്സാണ്ടർ | 117010101376/ 10.01.2018 |
| 2016-17 | 3-7 | 683 | ശ്രീ.ചിത്തരഞ്ജൻ | 117010103403/ 10.01.2018 |
| 2015-16 | 2-2(1) | 50 | ശ്രീമതി.മേഴ്സി.സി.ടി | 117010100519/ 24.05.2017 |
| 2015-16 | 2-2(1) | 380 | ശ്രീമതി.അനിയമ്മമാത്യു | 117010100576/ 03.06.2017 |
| 2015-16 | 2-2(1) | 100 | ശ്രീ.ബേബിക്കുട്ടി | 117010100311/ 02.05.2017 |
| 2015-16 | 2-2(1) | 50 | ശ്രീ.അനുസർദ്ദീൻ | 117010100566/ 31.05.2017 |
| 2015-16 | 2.2(1) | 2525 | പ്രൊപ്രൈറ്റർ, വിജയലക്ഷ്മി | 117010500007/ 23.06.2017 |

| | | | | |
|---|---|---|---|---|
| | | | കാഷ്യകമ്പനി | |
| 2015-16 | 2.2(1) | 156 | ശ്രീമതി.മഞ്ജു | 117010100581/ 05.06.2017 |
| 2013-14 | 2.2(1) | 2500 | ബ്രാഞ്ച്മാനേജർ, സർവീസ് കോർപ്പറേറ്റീവ് ബാങ്ക്, മീയന്നൂർ | 117010100093/ 08.08.2017 |

**4-7** <u>സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

ഇല്ല

**4-8** <u>ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

ഇല്ല.

**4-9** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,80,27,704.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,16,81,148 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,96,317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,58,016 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2400 | ശ്രീ.അനൂപ്കുമാർ. വി,സെക്രട്ടറി |
| 3-5 | | 1,44,900 | ഡോ.വിപിൻ.എ, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ |
| 3-6 | | 4267 | ശ്രീമതി.അനുപമ, അസ്സിസ്റ്റന്റ്എഞ്ചിനിയർ |
| 3-14(1)<br>(2) | | 8,750<br>1,000 | ശ്രീമതി.ലത.എം,<br>ഹെഡ്മിസ്ട്രസ്സ് |
| 3-16 | | 30,000 | ശ്രീ.ബിനു.പി.എൽ,<br>അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-18 | | 5,000 | ശ്രീ.അനൂപ്കുമാർ.വി,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 494000 | ശ്രീ.ബിനു.പി.എൽ, അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 40670 | ശ്രീ.ബിനു.പി.എൽ, അസ്സിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 2,46,638 | ശ്രീമതി.ശശികല.എസ്.കെ, ഡയറിഫാംഇൻസ്ട്രക്ടർ |
| 3-11 | 4,10,458 | ശ്രീ.അനൂപ്കുമാർ.വി, സെക്രട്ടറി |
| 3-14 (1) | 1,66,250 | ശ്രീമതി.ലത.എം, ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും,ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനൂപ്കുമാർ.വി, സെക്രട്ടറി | സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | അമ്പാട്ട് വീട്, കൊല്ലൂർജംഗ്ഷൻ, പട്ടാഴി.പി.ഒ |
| ശ്രീമതി.അനുപമ, അസ്സിസ്റ്റന്റ്എഞ്ചിനിയർ | അസ്സിസ്റ്റന്റ് എഞ്ചിനിയർ, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, പോച്ചകോണം, എഴുകോൺ.പി.ഒ |
| ശ്രീമതി.ലത.എം, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ:വെൽഫയർ. എൽപി.എസ്സ്. ഒട്ടുമല | ആൻദീപം, കരിങ്ങന്നൂർ.പി.ഒ. ആറ്റൂർകോണം |
| ശ്രീ.ബിനു.പി.എൽ, അസ്സിസ്റ്റന്റ്സെക്രട്ടറി | അസ്സിസ്റ്റന്റ്സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | പനവിളഹൗസ്, ഇ.എം.എസ്സ്.കോളനി, കുളത്തൂപ്പുഴ.പി.ഒ, കൊല്ലം |
| ശ്രീമതി.ശശികല.എസ്.കെ, ഡയറിഫാംഇൻസ്ട്രക്ടർ | ഡയറിഫാംഇൻസ്ട്രക്ടർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ശശിനിവാസ്, ഇരുമ്പനങ്ങാട്.പി.ഒ, എഴുകോൺ |
| ഡോ.വിപിൻ.എ, മെഡിക്കൽ ഓഫീസർ | മെഡിക്കൽഓഫീസർ, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | നന്ദനം. ജനകീയനഗർ, 60എ, പട്ടത്താനംപി.ഒ, കൊല്ലം |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(1) തീയതി, 24.03.18 | 8 |
| 1998-99 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(2) തീയതി, 24.03.18 | 5 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(3) തീയതി, 24.03.18 | 4 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(4) തീയതി, 24.03.18 | 4 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(5) തീയതി, 24.03.18 | 4 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(6) തീയതി, 24.03.18 | 9 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(7) തീയതി, 24.03.18 | 14 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(8) തീയതി, 24.03.18 | 7 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(9) തീയതി, 24.03.18 | 4 |
| 2006-07 | എൽ.എഫ്.ക്യൂ.പി1/1319/(8)14 തീയതി, 20.06.14 | 35 |
| 2007-08 | എൽ.എഫ്.ക്യൂ.പി1/1319/(1)14 തീയതി, 20.06.14 | 21 |
| 2008-09 | എൽ.എഫ്.ക്യൂ.പി1/1319/(12)14 തീയതി, 20.06.14 | 17 |
| 2009-10 | എൽ.എഫ്.ക്യൂ.പി1/1319/(13)14 തീയതി, 20.06.14 | 18 |
| 2010-11 | എൽ.എഫ്.ക്യൂ.പി1/1319/(16)14 തീയതി, 20.06.14 | 10 |
| 2011-12 | എൽ.എഫ്.ക്യൂ.പി1-1313/14 തീയതി, 08.08.2014 | 8 |
| 2012-13 | എൽ.എഫ്.ക്യൂ.പി1-402/15, | 6 |

| | | |
|---|---|---|
| | തീയതി, 9.11.15 | |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം-പി-6/1969/2017 തീയതി, 22-02-2018 | 18 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം-പി-6/1968/2017 തീയതി, 24-01-2018 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം. പി6-1083/2017 തീയതി, 01.01.2018 | 6 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.എൽ.എം.പി6/249/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –30.4.2019

### ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്

ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.